# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5615 — 27.10.2011 ൽ മറുപടിയ്ക്ക്

### ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതി സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ അഭിപ്രായം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | (എ) ബാങ്കിംഗ് നിയമ (ഭേദഗതി) ബിൽ 2011 (2011 ലെ 18 നമ്പർ ബിൽ) കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അഭിപ്രായം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല. |
| (ബി) സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) നിർദ്ദിഷ്ട ബാങ്കിംഗ് (ഭേദഗതി) ബിൽ 2011 നിയമം പ്രാബല്യത്തിൽ വരുന്നതോടെ സഹകരണ ബാങ്കുകളുടെ ഇന്നത്തെ രീതിയിലുള്ള പ്രവർത്തനത്തെ ബാധിക്കാൻ സാദ്ധ്യതയുണ്ട്. നിയമ ഭേദഗതിയിലൂടെ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രതിസന്ധിയായതിനാൽ സഹകരണ മേഖലയുടെ നിലനിൽപ്പും, സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ സഹകരണ മേഖലയ്ക്കുള്ള പങ്കും കണക്കിലെടുത്ത് കൂട്ടായ ഇടപെടലിലൂടെ സഹകരണ മേഖലയ്ക്ക് കോട്ടം തട്ടാതെയും നിയമ ഭേദഗതി മൂലമുണ്ടാകാൻ സാധ്യതയുള്ള പ്രതിസന്ധി മറികടക്കുന്നതിനുള്ള നടപടിയും സമീപനവും സ്വീകരിക്കുക എന്നതാണ് ഇത് സംബന്ധിച്ചുള്ള സർക്കാർ നിലപാട്. |

| | |
|---|---|
| (സി) ഇത് സംബന്ധിച്ചുള്ള നിവേദനം കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ? | (സി) ഇല്ല |

സെക്ഷൻ ഓഫീസർ